(സി) തൊടുപുഴ എഞ്ചിനീയറിംഗ് കോളേജ് വാടകയക്ക് എടുത്തതിൽ ക്രമക്കേടുകൾ എന്തെങ്കിലും ഉള്ളതായി യൂണിവേഴ്സിറ്റി ആഡിറ്റ് വിംഗ് കണ്ടെത്തിയിട്ടുള്ളതായി അറിവില്ല എന്ന് യൂണിവേഴ്സിറ്റി അറിയിക്കുന്നു.

61 (1276) തൊടുപുഴ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് സ്ഥലം വാങ്ങിയ നടപടി

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ തൊടുപുഴയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് മുട്ടം വില്ലേജിൽ എത്ര സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥലം ഏത് രജിസ്ട്രേഷൻ ഓഫീസിൽ എത്രാം നമ്പരായി ഏത് തീയതിയിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) യൂണിവേഴ്സിറ്റി സ്ഥലമെടുപ്പ് സംബന്ധിച്ച് എന്തെല്ലാം നോട്ടിഫിക്കേഷൻ നടത്തിയിരുന്നു; ഏതെല്ലാം തീയതിയിൽ;

(ഡി) സ്വാശ്രയ കോളേജിനുവേണ്ടി എത്ര സ്ഥലം യൂണിവേഴ്സിറ്റി പരിശോധിച്ചിരുന്നു; ആരാണ് പരിശോധന നടത്തിയത്; എന്നാണ് പരിശോധന നടത്തിയത്;

(ഇ) സ്ഥലം എടുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തത് എന്നാണ്;

(എഫ്) പ്രസ്തുത സ്ഥലം എടുക്കുന്നത് സംബന്ധിച്ച് കരാർ എന്നാണ് ഉണ്ടാക്കിയത്;

(ജി) ഏറ്റെടുക്കുന്ന സ്ഥലം സംബന്ധിച്ച് സ്കെച്ചും പ്ലാനും യൂണിവേഴ്സിറ്റി അംഗീകരിച്ചത് എന്നാണ്; അംഗീകരിച്ച സ്കെച്ചും പ്ലാനും അനുസരിച്ച് എത്ര ഏക്കർ സ്ഥലം ആണ് ഉണ്ടായിരുന്നത്;

(എച്ച്) യൂണിവേഴ്സിറ്റി സ്വാശ്രയ കോളേജിനുവേണ്ടി വാങ്ങിയ സ്ഥലത്തിന്റെ നാല് അതിരുകൾ ഏതെല്ലാമാണ്; ആരുടെ കൈവശത്തിൽ ആണ് പ്രസ്തുത സ്ഥലങ്ങൾ;

(ഐ) സ്ഥലം എടുത്തതിന് ഇതുവരെ എത്ര രൂപ നൽകിയിട്ടുണ്ട്; ഏതെല്ലാം തീയതികളിൽ എത്ര രൂപ വീതം; ഇനി എത്ര തുക കൊടുക്കാനുണ്ട്; സ്ഥലത്തിന്റെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ?

ഉത്തരം

(എ)മുതൽ(ഐ)വരെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

62 (1278) സ്വാശ്രയ കോളേജുകൾ

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly